"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതാ ശിശു വികസന വകുപ്പ്- ഐസിഡിഎസ്-പോഷകബാല്യം പദ്ധതി- പാൽ വില വർദ്ധിപ്പിച്ചത്-വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.104/2024/WCDD തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-

1. സ. ഉ(സാധാ) നം. 289/2022/വശിവിവ തീയതി 30.05.2022
2. മിൽമ മാനേജിംഗ് ഡയറക്ടറുടെ 24.11.2022 ലെ KCMMF/HO.Mmg/14/2022 നമ്പർ കത്ത്
3. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 05.12.2022 ലെ DWCD/1048/2022-ICDSB3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

അങ്കണവാടികളിൽ പാൽ വിതരണം ചെയ്യുന്ന പോഷകബാല്യം പദ്ധതിയ്ക്ക് കുട്ടികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ, പാലിന്റെ കമ്പോളവിലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ, മറ്റ് ആകസ്മിക ചെലവുകൾ എന്നിവ പരിഗണിച്ച് 2022-23 സാമ്പത്തിക വർഷത്തെ 2235-02-102-22 എന്ന ശീർഷകത്തിൽ നിന്നും 31,50,000/- രൂപ വിനിയോഗിക്കുന്നതിന് ലഭ്യമായ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ 01.08.2022 മുതൽ പദ്ധതി നടപ്പിലാക്കി വരികയുമാണെന്ന് വനിതാ ശിശു വികസന ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(2) പരാമർശം(2) പ്രകാരം 01.12.2022 പ്രാബല്യത്തിൽ മിൽമ പാലിന്റെ വില 46/- രൂപയിൽ നിന്നും 52/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കമ്പോളവിലയിൽ ഉണ്ടായ മാറ്റത്തിനനുസൃതമായി പുതുക്കിയ ടെൻഡർ/ക്വട്ടേഷൻ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാലും, അങ്കണവാടികളിൽ, വിതരണ തടസ്സം ഒഴിവാക്കുന്നതിനും അങ്കണവാടിയിൽ വിതരണം ചെയ്യുന്ന പാലിന്റെ വില ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെ നിലവിൽ നിശ്ചയിച്ചിട്ടുള്ള 50/- രൂപയിൽ നിന്നും പരാമർശം (1) ഉത്തരവിലെ ഭരണാനുമതിയ്ക്ക് വിധേയമായി മിൽമ പാൽ വില വർദ്ധനയ്ക്ക് അനുസൃതമായി 56/- രൂപയായി വർദ്ധിപ്പിച്ച് സർക്കുലർ നൽകിയിട്ടുള്ള വിവരം വനിതാ ശിശു വികസന ഡയറക്ടർ അറിയിച്ചിട്ടുണ്ട്. അടിയന്തര സാഹചര്യം കണക്കിലെടുത്ത് നടപ്പിലാക്കിയിട്ടുള്ള ടി നടപടിയ്ക്ക് സാധൂകരണം നൽകണമെന്ന് പരാമർശം(3) പ്രകാരം വനിതാ ശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മിൽമ പാലിന്റെ വില 46/- രൂപയിൽ നിന്നും 52/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായത് മുതൽ പാൽ വില വർദ്ധനവിന് അനുസൃതമായി അങ്കണവാടിയിൽ വിതരണം ചെയ്യുന്ന പാലിന്റെ വില ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെ 2022-23 സാമ്പത്തിക വർഷം നിശ്ചയിച്ചിരുന്ന 50/- രൂപയിൽ നിന്നും 56/- രൂപയായി വർദ്ധിപ്പിച്ചത്, 2022-23 ലെ പാൽ വില വർദ്ധനവ് നിലവിൽ വന്നതിനു ശേഷമുള്ള കാലയളവിലേക്ക് മാത്രമായി നിജപ്പെടുത്തി എന്ന് ഉറപ്പ് വരുത്തേണ്ടതാണെന്ന വ്യവസ്ഥയോടെ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ നടപടിക്ക് സാധൂകരണം നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് [ WCD-1/388/2023-FIN (E:2648789)

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 16-03-2024 12:50:35

സെക്ഷൻ ഓഫീസർ